## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 07 .9.2022 മുതൽ 11.9.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| | |
|---|---|
| **എ എ എസ് ബുള്ളറ്റിൻ നമ്പർ 36/2022,(71) ചൊവ്വാഴ്ച** | **തീയ്യതി 06/9/2022** |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 07.09.2022 | 08.09.2022 | 09.09.2022 | 10.09.2022 | 11.09.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 40 | 30 | 15 | 20 | 15 |
| ഉയർന്ന താപനില (°C) | 30 | 29 | 29 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 30 | 20 | 8 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 270 | 270 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തവും അതിശക്തവുമായ മഴക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 സെപ്റ്റംബർ 07 | 2022 സെപ്റ്റംബർ 08 | 2022 സെപ്റ്റംബർ 09 | 2022 സെപ്റ്റംബർ 10 | 2022 സെപ്റ്റംബർ 11 |
|---|---|---|---|---|
| സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ | നേരിയ മഴ | സാമാന്യം ഭേദപ്പെട്ട മഴ | നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതു നിർദേശങ്ങൾ: കൃഷിയിടങ്ങളിൽ നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുക. ആവശ്യമെങ്കിൽ മാത്രം മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് -വിരിപ്പ് കതിർ വരുന്ന പരുവം | ബ്ലാസ്റ്റ് രോഗം | നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി ഫ്യൂജിയോൺ ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരുമില്ലി ഐസോപ്രൊതയാലിൻ ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക.അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു, ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക 550 ഗ്രാം യൂറിയ, 700 ഗ്രാം രാജ്ഫോസ്, 800 ഗ്രാം പൊട്ടാഷ് വീതവും, മഴയെ ആശ്രയിച്ച കൃഷി ചെയ്യുന്ന തെങ്ങുകൾക്ക 500 ഗ്രാം യൂറിയ, 800 ഗ്രാം രാജ്ഫോസ്, ഒരു കിലോ പൊട്ടാഷും തെങ്ങൊന്നിന് ഇട്ടു കൊടുക്കാവുന്നതാണ്. |
| കുരുമുളക് | ദ്രുതവാട്ടം | മുൻകരുതലായി ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. രോഗം ബാധിച്ച വള്ളികൾ മുറിച്ച് കളഞ്ഞ് കൊടികളിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചെടിയുടെ തടത്തിൽ ഒഴിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം- കുളമ്പ് രോഗങ്ങൾക്കും കുരളടപ്പിനും എതിരെയുള്ള കുത്തിവെപ്പുകൾ നൽകുക. കാലിതീറ്റയിൽ പൂപ്പൽ വരാതിരിക്കാൻ ശ്രദ്ധിക്കുക. വെയിലുള്ളപ്പോൾ കാലിത്തീറ്റ ഉണക്കി മരത്തടിയുടെ മുകളിൽ കയറ്റിവെയ്ക്കുക.(CAADECCS, *KVASU, Mannuthy).*